**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2811** **25-06-2024 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പദ്ധതികൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ടി.ഐ.മധുസൂദനൻ</td><td colspan="2">ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>2023-24 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പയ്യന്നൂർ മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;</td><td>(എ)</td><td>പട്ടികജാതി വികസന വകുപ്പ്, 2023-24 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പയ്യന്നൂർ മണ്ഡലത്തിൽ നിന്നും പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്തിൽപ്പെട്ട ചെങ്ങറ നഗറിൽ കിണർ ഫ്ലഷിംഗ് & ഹാന്റ് പമ്പ് റിപ്പയറിംഗ് എന്ന പദ്ധതിക്കായി 23,000/- (ഇരുപത്തിമൂവായിരം രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. ഭൂജല വകുപ്പ് മുഖേന നടത്തുന്ന പ്രസ്തുത പദ്ധതിയ്ക്ക് ഈ സാമ്പത്തിക വർഷം തുക ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ് .<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു .<br><br>1. പെരിങ്ങോം-വയക്കര പഞ്ചായത്തിലെ വങ്ങാട് നഗർ നിവാസിയും, റിക്കറ്റ്സ് രോഗബാധിതനായി ചികിത്സയിൽ കഴിയുന്നതുമായ വേണുഗോപാലൻ.ഇ.വി എന്നയാൾക്കും കുടുംബത്തിനും താറാവ് വളർത്തൽ സംരംഭം തുടങ്ങാൻ 80,000/-(എൺപതിനായിരം രൂപ മാത്രം) രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചു.<br><br>2. 35,42,550/-(മുപ്പത്തിയഞ്ച് ലക്ഷത്തി നാല്പത്തിരണ്ടായിരത്തി അഞ്ഞൂറ്റിയമ്പത് രൂപ മാത്രം) രൂപ ചെലവഴിച്ച് നിർമ്മിച്ച ചെറുപുഴ ഗ്രാമപഞ്ചായത്തിലെ കാനം വയൽ സാംസ്കാരിക നിലയത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അധികമായി ആവശ്യമുള്ള 15,24,000/- (പതിനഞ്ച് ലക്ഷത്തി ഇരുപത്തിനാലായിരം രൂപ മാത്രം) രൂപയ്ക്ക് കൂടി അനുമതി ലഭ്യമാക്കിയിട്ടുണ്ട്. അതിന് നടപ്പുവർഷം ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പ്രവൃത്തി ആരംഭിച്ചിട്ടില്ല.</td></tr>
</table>

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ? | (ബി) | പട്ടികജാതി വികസന വകുപ്പ്, 2023-24 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പയ്യന്നൂർ മണ്ഡലത്തിൽ നിന്നും പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്തിൽപ്പെട്ട ചെങ്ങറ നഗറിൽ കിണർ ഫ്ലഷിംഗ് & ഹാന്റ് പമ്പ് റിപ്പയറിംഗ് എന്ന പദ്ധതിക്കായി 23,000/- (ഇരുപത്തിമൂവായിരം രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. ഭൂജല വകുപ്പ് മുഖേന നടത്തുന്ന പ്രസ്തുത പദ്ധതിയ്ക്ക് ഈ സാമ്പത്തിക വർഷം തുക ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ് .<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു .<br><br>1. പെരിങ്ങോം-വയക്കര പഞ്ചായത്തിലെ വങ്ങാട് നഗർ നിവാസിയും, റിക്കറ്റ്സ് രോഗബാധിതനായി ചികിത്സയിൽ കഴിയുന്നതുമായ വേണുഗോപാലൻ.ഇ.വി എന്നയാൾക്കും കുടുംബത്തിനും താറാവ് വളർത്തൽ സംരംഭം തുടങ്ങാൻ 80,000/-(എൺപതിനായിരം രൂപ മാത്രം) രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചു.<br><br>2. 35,42,550/-(മുപ്പത്തിയഞ്ച് ലക്ഷത്തി നാല്പത്തിരണ്ടായിരത്തി അഞ്ഞൂറ്റിയമ്പത് രൂപ മാത്രം) രൂപ ചെലവഴിച്ച് നിർമ്മിച്ച ചെറുപുഴ ഗ്രാമപഞ്ചായത്തിലെ കാനം വയൽ സാംസ്കാരിക നിലയത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അധികമായി ആവശ്യമുള്ള 15,24,000/- (പതിനഞ്ച് ലക്ഷത്തി ഇരുപത്തിനാലായിരം രൂപ മാത്രം) രൂപയ്ക്ക് കൂടി അനുമതി ലഭ്യമാക്കിയിട്ടുണ്ട്. അതിന് നടപ്പുവർഷം ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പ്രവൃത്തി ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ